2022 - 25
BATCH



# സംസ്കൃതം ഹൈസ്കൂൾ വട്ടോളി



# സംസ്കൃതം ഹൈസ്കൂൾ വട്ടോളി



# സാൻസ് കൈറ്റ്

2024



മൂന്ന് പതിറ്റാണ്ടുകാലം വട്ടോളി സംസ്കൃതം

ഹൈസ്കൂളിന്റെ അക്ഷരപഥങ്ങളെ

ദീപ്തമാക്കിയ  അദ്ധ്യാപകനായിരുന്ന

വി.രാമകൃഷ്ണൻ മാസ്റ്റർ.ശിഷ്യരുടെ

ജീവിതത്തിൽ അറിവിന്റെയും

നന്മയുടേയും ദീപനാളം കൊളുത്തിയ

ഗുരുനാഥൻ, സങ്കീർണമായ ഗണിത

സമസ്യകളെ സ്നേഹത്തിൽ ചാലിച്ച്

ലളിതമാക്കിയ വിദ്യാർഥികളുടെ

പ്രിയപ്പെട്ട ഗണിതാദ്ധ്യാപകൻ,ഈ

വിദ്യാലയത്തിന്റെ വളർച്ചയുടേയും

ഉയർച്ചയുടേയും പതാകവാഹകനായ

ഹെഡ് മാസ്റ്റർ, കർമപഥങ്ങളിൽ മുന്നിൽ

നിന്ന് നയിച്ച് നീണ്ട പതിനേഴ വർഷം

തന്റെ വിദ്യാലയത്തിന് നൂറുമേനി നേടി

കൊടുത്ത വഴികാട്ടി.

ദക്ഷിണാമൂർത്തി മാസ്റ്റർസ്മാരക
അവാർഡും സീഡ് ഹരിതവിദ്യാലയ
പുരസ്കാരവും,സംസ്ഥാനമേളകളിലെ
നിരവധി കിരീടങ്ങളും സ്കൂളിലേക്കെത്തിച്ച
നായകൻ, സാന്ത്വനത്തിന്റെ
വഴികളിലൂടെ വിദ്യാർഥികളെയും
സഹപ്രവർത്തരേയും
നയിച്ച കാരുണ്യദൂതൻ,കഴിഞ്ഞ വർഷം
ലയൺസ് ക്ലബ് ശ്രേഷ്ഠാധ്യാപക
പുരസ്കാരം നേടിയ മികച്ച
അധ്യാപകൻ ......  എല്ലാറ്റിനുമുപരി
നാടിനേയും നാട്ടുകാരേയും ഹൃദയത്തോടു
ചേർത്തുവെച്ച നന്മ
നിറഞ്ഞ ഒരാൾ ഇങ്ങനെ
വിശേഷണങ്ങൾക്കപ്പുറത്തെ മഹാ
മഹാമനുഷ്യനായിരുന്നു
നമ്മുടെ പ്രിയപ്പെട്ട  വി.രാമകൃഷ്ണൻ
മാസ്റ്റർ....   ഈ വിദ്യാലയത്തിന്റെ
ആകാശനെറുകയിൽ ഒരു സ്നേഹ
നക്ഷത്രമായ്
അങ്ങ് എന്നും ഓർമ്മയുടെദീപപ്രഭ
ചൊരിയുമെന്ന്  ഞങ്ങൾക്കുറപ്പുണ്ട്...
നിറഞ്ഞദുഖഭാരത്തോടെ അങ്ങേക്ക്
ആദരാഞ്ജലികൾ അർപ്പിക്കുന്നു...




# പത്രാധിപസമിതി

| | | |
|---|---|---|
| ചെയർമാൻ | : | ധിഷണ് ചന്ദ് |
| കൺവീനർ | : | വൈഭവ് ദേവ് |
| എഡിറ്റർ | : | റാനിഷ് |
| സബ് എഡിറ്റർ | : | ജീവന പ്രിയമാനസ |
| ആർട് എഡിറ്റർ | : | ആയുഷി |
| വര | : | വാമിക |
| ടൈറ്റിൽസ് | : | ജിയ ജിതേഷ് ,ശ്രാവണി ,വൈഗ |



നിറമുള്ള ഭാവനയുടെ അക്ഷരപ്പൂക്കളും, പള്ളിക്കൂടം ഓർമ്മകളുടെ ഇളംമഴത്തുള്ളികളും, സാന്ത്വനരംഗത്ത് തീർത്ഥാടനം നടത്തുന്ന മനുഷ്യസ്നേഹികളുടെ ജീവിതവും, സ്വന്തം ജീവിതം കൊണ്ട് ഭാഗ്യദോഷങ്ങൾക്കെതിരെ എതിർസത്യവാങ്മൂലം സമർപ്പിച്ചവന്റെ സമരങ്ങളുമാണ്  ' സാൻസ് സെറിനിറ്റിയുടെ ' ഉള്ളടക്കം.


നിലനിൽപ്പിന്റെ തട്ടകങ്ങളിൽ കാലൂന്നാൻ വിശുദ്ധ ലക്ഷ്യങ്ങളിലേക്ക് ദൃഷ്ടി പതിപ്പിച്ച് പടക്കച്ചയുടെ കൈലേസണിയാൻ, ഈ താളുകളിലെ വെളിച്ചവും, പ്രതീക്ഷയും, കണ്ണീരും, വിയർപ്പും കരുത്തേകുമെന്ന് കരുതട്ടെ... വെൺചുമരുകളുടെ അതിർവരമ്പുകളെ ഭേദിച്ച് ബോധന പ്രക്രിയയിൽ അനുഭവങ്ങളുടെ മണ്ണുപുരട്ടിയ ഒരു ഗുരുനാഥനുള്ള അർഹമായ സ്നേഹോപഹാരമാണിതെന്ന് ഞങ്ങൾ കരുതുന്നു.

പ്രിയ വിദ്യാലയത്തിന്റെ ഭൂതവർത്തമാനങ്ങളിൽ ആത്മാവുകൊണ്ട് കയ്യൊപ്പു ചാർത്തിയ രാമകൃഷ്ണൻ  മാസ്റ്റർക്ക്  സാൻസ് സെറിനിറ്റി സമർപ്പിക്കുന്നു



# HEAD MISTRESS

## SREEJA V.P



# വിദ്യാലയ ചരിത്രം

വടകര താലൂക്കിൽ കിഴക്കൻ മേഖല യിലുള്ള കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് വട്ടോളി സംസ്കൃതം ഹൈസ്കൂൾ. ഈ വിദ്യാലയം 1921 ജൂൺ ആദ്യാവാരത്തിൽ വിദ്യാഭിവർദ്ധിനി എന്ന പേരിൽ ആരംഭിച്ചു. അന്ന് പെരച്ചൻ ഗുരിക്കളും മക നായ ചാത്തു വൈദ്യരുമായിരുന്നു അധ്യാപകർ. മിഷൻകാർ നടത്തിയതും പിന്നിട് അവർ വിട്ടുപോയ തുമായ ഒരു കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. അന്ന് ആ കെട്ടിടത്തിൻ്റെ ഉടമകൾ വളപ്പിൽ കൃഷ്ണൻ വൈദ്യരും അഞ്ചേലി പുത്തൻ പുരയിൽ കൃഷ്ണൻ വൈദ്യരുമായിരുന്നു.

മിഷൻകാർ ഒഴിഞ്ഞ് പോയപ്പോൾ പ്രസ്തുത കെട്ടിടം സ്കൂൾ ആരംഭിക്കേണ്ടതിലേക്ക് അവർ അനുവദിച്ചു. രണ്ടാമത്തെയും മൂന്നാമത്തെയും വർഷം മദ്രാസ് ഗവൺമെൻ്റ് 100 രൂപ വീതം ഗ്രാൻ്റ് അനുവദിച്ചു. അന്ന് മൂന്ന് അധ്യാപകരായിരുന്നു ഉണ്ടാ യിരുന്നത്. മൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ ഡിസ്ട്രിക്ട് ബോർഡുകാർ പ്രസ്തുത കെട്ടിടം അതിന്റെ ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം അവർ പെരച്ചൻ ഗുരിക്കളോട് സ്കൂൾ ഒഴിഞ്ഞ് കൊടുക്കാനാവശ്യപ്പെട്ടു. പിന്നീട് കൊല്ലം പടിക്കൽ എന്ന ഒഴിഞ്ഞ് കിട ക്കുന്ന വീട് വാങ്ങുകയും അവിടെ വെച്ച് ഒരു വർഷം സ്ക്കൂൾ നടത്തുകയും ചെയ്തു. സ്കൂൾ പരിശേധന കുന്നുമ്മൽഎൽ.പി സ്കൂളിൽ വെച്ചാണ് നടത്തിയത്. അതിന് ശേഷം കട്ടകൊണ്ട് കയനാട്ടത്ത് ഒരു കെട്ടിടം നിർമ്മിച്ച് സ്കൂൾ നടത്തി. 1928വരെ അവിടെയായി രുന്നു സ്കൂൾ.

1928ൽ മദ്രാസ് ഗവൺമെന്റിന്റെ വെങ്കി ടരത്തം എന്ന പേരുള്ള സംസ്കൃതസ്കൂൾ സൂപ്രണ്ട് പെട്ടെന്നുവന്നു സ്കൂൾ പരിശോധിച്ച് പഠന രീതി യിലും മറ്റും സന്തോഷം പ്രകടിപ്പിച്ചു. കഴിയുന്നതും റോഡിനരികെ സ്കൂൾ നിർമ്മിക്കുന്നത് നന്നായിരി ക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അന്ന് എലിമെന്ററി വിഭാഗത്തിൽ നാലും അഡ്വാൻസ്ഡ് വിഭാഗത്തിൽ നാലും ക്ലാസ്സുകൾ ആണ് ഉണ്ടായിരു ന്നത്.

മദ്രാസ് ഗവൺമെൻ്റിൻ്റെ നിയമ പ്രകാരം സ്കൂളിൻ്റെ മാനേജ്മെൻ്റ് മാറുമ്പോൾ ഒരു കമ്മിറ്റി വേണമായിരുന്നു. അതുപ്രകാരം ചാത്തു വൈദ്യർ തന്റെ അടുത്ത സുഹൃദ്ബന്ധത്തിലുള്ള ഏഴ് പേരെ ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കുകയും തലശ്ശേരി ഡിസ്ട്രിക്ട് റജിസ്ട്രാർ ഓഫീസിൽ വെച്ച് രജിസ്ട്രേഷൻ നടത്തുകയും ചെയ്തു.

എട്ടാമത്തെ കൊല്ലം ഇവിടെ നിന്ന് എൻട്രൻസ് പരീക്ഷയ്ക്ക് കുട്ടികളെ അയയ്ക്ക കയും പാസാവുകയും ചെയ്തിട്ടുണ്ട്. അന്ന് സ്കൂളിന്റെ പേര് വിദ്യാഭിവർദ്ധിനി അഡ്വാൻസ്ഡ് സംസ്കൃതം സ്കൂൾ എന്നായിരുന്നു. അതിന് ശേഷംപേര് ഓറിയൻറൽ സെക്കണ്ടറി സ്കൂൾ എന്നാവു കയും പരീക്ഷയുടെ പേര് ഒ.എസ്.എസ്.എൽ.സി എന്നാക്കി മാറ്റുകയും ചെയ്തു.

1956ൽ ആണ് ഇന്നത്തെ നിലയിൽ സ്കൂളിന് അംഗീകാരം ലഭിക്കുന്നത്. പ്രഥമ ഭാഷ സംസ്കൃതമായുള്ള സംസ്കൃത സെക്കണ്ടറി എന്നായിരുന്നു സ്കൂളിൻ്റെ പേര്.

കേരളാ ഗവൺമെന്റ്റിന്റെ സ്ഥിരാംഗീകാരത്തിന് രണ്ടാമത് ഒരു കമ്മിറ്റി വേണമെന്ന് ആവശ്യപ്പെട്ടകയാൽ അതുപ്രകാരം ചാത്തുവൈദ്യർ പുതിയ അംഗങ്ങളെ ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കുകയും കോഴിക്കോട് രജിസ്റ്റർ ചെയ്യുകയും ചെയ്തു. 1992ൽ പ്രഥമഭാഷയായി അറബിക്കും തുടർന്ന് 1996ൽ മല യാളവും പഠിപ്പിക്കാനുള്ള അനുവാദം സർക്കാരിൽ നിന്ന് ലഭിച്ചു. കേരളസംസ്ഥാന രൂപീകരണത്തിന് മുമ്പ് ഈ വിദ്യാലയം നിലനിർത്താൻ വേണ്ടി ഒട്ടേറെ ബുദ്ധിമുട്ടുകളും കഷ്ട നഷ്ടങ്ങളും ചാത്തു വൈദ്യർ അനുഭവിച്ചിട്ടുണ്ട്. വിദ്യാഭിവർദ്ധിനി-അ ഡ്വാൻസ് സംസ്കൃത സ്കൂൾ, ഓറിയന്റൽ സംസ്കൃത സ്കൂൾ, സംസ്കൃത സെക്കണ്ടറി സ്കൂൾ, സംസ്കൃത ഹൈസ്കൂൾ വട്ടോളി എന്നി ങ്ങനെയാണ് സ്കൂളിന്റെ പരിണാമം.എം.സി. ബാലൻ നമ്പ്യാർ, പി. ആർ. കുഞ്ഞിക്കേളു അടിയോടി, ധർമ്മദത്തൻ വൈദ്യർ, എടക്കാട്ട് ശങ്കരൻ വൈദ്യർ, നാരായണൻ വൈദ്യർ, MS , ശ്രീനിവാസൻ, ഡോ. സിദ്ദിഖ്, രാജഗോപാലൻ കാര മറ്റ, ചന്ദ്രശേഖരൻ (ബാലുശ്ശേരി സംസ്കൃത വിദ്യാ പീഠം, പ്രിൻസിപ്പൽ) വി.കെ.ഗോപാലൻ മാസ്റ്റർ തുട ങ്ങിയ പ്രമുഖർ ഈ വിദ്യാലയത്തിലെ പൂർവ്വവി ദ്യാർത്ഥികളാണ്. ആദ്യത്തെ പ്രധാനാധ്യാപകൻ കെ. ഗോവിന്ദൻ നമ്പ്യാർ ചേലക്കാടാണ്. ആദ്യത്തെ മാനേജർ കെ.വി.ചാത്തുവൈദ്യരും.ഫസ്റ്റ് ഫോറം ആയാണ് ആദ്യ ക്ലാസ് ആരംഭിച്ചത്



# പ്രകൃതിയുടെ

` ഒരു കുളത്തിന്റെ സമീപത്തെ മരത്തിൽ ഒരു കുരങ്ങന്റെ കുടുംബം താമസിച്ചിരുന്നു. കുളത്തിൽ പൂമ്പാറ്റകളും ,ചെടികളും ഒക്കെ നിറഞ്ഞിരുന്നു .മഹാ വികൃതിയായ കുട്ടിക്കുരങ്ങൻ വാശിപിടിച്ചു കരയുമ്പോൾ അവന്റെ 'അമ്മ' കുുളത്തിലേക് കൈ ചൂണ്ടി പറയും 'നോകൂ മോനേ '. എന്റെ മകന് എത്ര എത്ര കൂട്ടുകാരാ .. കുട്ടിക്കുരങ്ങൻ കുളത്തിലെ വിരുന്നുകാരെ അത്ഭുതത്തോടെ നോക്കി,കരച്ചിൽ നിർത്തി.കുുരങ്ങച്ചാരും കുടുംബവും ഒരു ദിവസം ഒരു യാത്ര പോയി . മടങ്ങിവന്നപ്പോൾ കണ്ട കാഴ്ച വളരെ വേദിനാചനകമായിരുന്നു . കുളത്തിൽ ഒരു തുള്ളി വെള്ളം പോലും ഇല്ല . പുൽച്ചെടികളെല്ലാം കരയിൽ വാടി കരിഞ്ഞു കിടക്കുന്നു. ആമചാരെയും കൊറ്റിയെയും കാണാനില്ല . ഏതോ മീൻ പിടുത്തക്കാർ വന്ന് കുളമെല്ലാം മുക്കി വറ്റിച്ചു . മൽസ്യങ്ങളെയെല്ലാം കൊണ്ടുപോയി . ഭക്ഷണം കഴിച്ചു കുട്ടി കുുരങ്ങൻ ഉറങ്ങാൻ പോയി .

അടുത്ത ദിവസം രാവിലെ എഴുന്നേറ്റ് കുട്ടി കുരങ്ങൻ ഉറക്കെ അലമുറയിട്ട് കരയാൻ തുടങ്ങി . കരച്ചിൽ കേട്ട് കൊറ്റിയും , നീലപൊന്മാനും പറന്നെത്തി . അരികിലേക്ക് വന്ന് ഓരോരോ പായ്യാരങ്ങൾ കാണിച്ചു കൂട്ടി കുരങ്ങനെ സമാധാനിപ്പിച്ചു . കുളത്തിൽ വെള്ളം ഇല്ലാത്തതിനാൽ ആമച്ചാർ സങ്കടത്തോടെ വെള്ളം തേടി മറ്റെവിടേക്കോ യാത്രയായി . വൈകാതെ , കുരങ്ങച്ചാരും കുടുംബവും എങ്ങോട്ടെന്നില്ലാതെ യാത്രയായി . കൂട്ടുകാരേ , കുളത്തിന്റെയും ജലത്തിന്റെയും ഒക്കെ സാന്നിധ്യം ഒരുപാട് ജൈവസമ്പത്തിനും ജീവികൾ തമ്മിലുള്ള ആത്മാർത്ഥമായ സൗഹൃദങ്ങൾക്കൊക്കെ വഴിയൊരുക്കുന്നുണ്ട് . അത് നഷ്ടപെടുമ്പോൾ അവരുടെ കൂട്ടായ്മയും പരിസ്ഥിതിതന്നെ അപകടത്തിലാകും എല്ലാ കുടുംബ ബന്ധങ്ങളും ശിഥിലമാക്കും .

-വാമിക

# മലയാളം

വിറക്കുന്ന കുഞ്ഞ നീ
മമ്മിയെന്നു വിളിക്കേണം
പൊറുക്കുകില്ലാ അമ്മേ നീ.
പിഴക്കുവാനാണെങ്കിലും
മറക്കുന്നു മലയാളം
ശപിക്കുമോ നീയെന്നെ?
നിറയുന്ന മലയാളം
'അരി'യില്ലെന്നോതേണം
കുഞ്ചനും തുഞ്ചനും
നിഘണ്ടുവിൽ കയറണം
തെയ്യവും തോറ്റവും
ഇംഗ്ലീഷിൽ പറയണം
നിളയുടെ തീരവും കഥകളി മാമാങ്കവും
തിരക്കാഴ്ചകളായി മാറേണം
മലയാളി: മലയാളം
പഠിക്കുന്നു ഇംഗ്ലീഷിൽ
മാതൃസ്നേഹത്തെ
ശവമെന്ന് വിളിക്കുന്നു
കാലം പുരോഗമിക്കും
പിന്നെയും, ഇഴയുന്നു പിന്നോട്ട്

# കള്ളൻ



രാത്രി കറുത്ത വാവാണ്. നല്ല ഇരുട്ട്, പോരാത്തതിന് നല്ല തണുപ്പും അയാൾ ഒരു സിഗര
റ്റെടുത്ത് ചുണ്ടിൽ വെച്ച് കത്തിച്ചു "ഇന്ന് ഈ ഭാഗത്തെ ഏതെങ്കിലും വീട്ടിൽ കയറാം".
അയാൾ ചിന്തിച്ചു വളവ് തിരിഞ്ഞപ്പോൾ അയാൾ ഞെട്ടി. "പോലീസുകാർ" അവരിലൊരാൾ
അവനെ കണ്ടു വെന്ന് തോന്നുന്നു. അവൻ തിരിഞ്ഞു. "നില്ലടാ അവിടെ
പോലീസുകാരൻ ഗർജ്ജിച്ചു. പിന്നെ അമാ ന്തിച്ചില്ല അയാൾ ഓടി. പിന്നാലെ
പോലീസുകാര നും ഓടിയെന്ന് അയാൾ വീണത് ഒരു ചെളി
ക്കുണ്ടിൽ). പോലീസുകാരനും ചെളിയിലേക്ക് എടു ത്തുചാടി.
അയാളുടെ ഷർട്ടിന് പിടിച്ച് വലിച്ചുപൊ ക്കി. "സാർ, ഞാൻ
ഒന്നും കട്ടിട്ടില്ല സാർ" ദയനീയ മായി നോക്കിക്കൊണ്ടയാൾ പറഞ്ഞു.
പോലീസുകാ രൻ ഒന്നും മിണ്ടാതെ അവന്റെ കീശയിൽ കൈയ്യിട്ട്
തീപ്പെട്ടി എടുത്തു. ശേഷം ബീഡി കത്തിച്ചിട്ടു പറ ഞ്ഞു.
"ആശ്വാസമായി, വരട്ടെ? ഒരു തീപ്പെട്ടി ചോദി ക്കാൻ പോലും
താൻനിന്നു തരില്ലേ ?" ഇങ്ങനെ രണ്ടുമൂന്നു ചോദ്യങ്ങൾ
ചോദിച്ച് ഒരു ചിരിയും ചിരിച്ച് പോലീസുകാരൻ
വിടപറഞ്ഞു. ഒന്നും വ്യക്തമാ കാത്ത മട്ടിൽ
കുറേനേരം ആ ഇരിപ്പു തുടർന്നു. കുറ ച്ചുകഴിഞ്ഞ്
എഴുന്നേറ്റു നടന്നു.
ഒരു ചൂടുചായ കുടിച്ച് ചായക്കടയിലിരിക്കുന്നു ഴാണ്,
ബസ്സിൽ ഒരു വൃദ്ധൻ വന്നിറങ്ങിയത്. സമയം 10.15
അവസാന ബസ്സാണ്. ഒന്നു മൂരിനിവർന്നിട്ട് വൃദ്ധൻ
കടക്കാരനോടായി പറഞ്ഞു. “വാസേ, സ്ഥലം വിറ്റു,
പതിനായിരത്തിന്, നഷ്ടാ, ന്നാലും സാരല്യ, മൂന്ന് മാസത്തെ
വാടകക്കാശും മറ്റും കൊടുക്കാനുണ്ട്. വൃദ്ധൻ നടന്നകന്നു. പിന്നാലെ
അയാളും. ചുറ്റും ആരു മില്ലാ എന്നുറപ്പു വരുത്തിയശേഷം ഒറ്റ
നിമിഷത്തിൽ അയാൾ വൃദ്ധന്റെ ബാഗും തട്ടിപ്പറിച്ചോടി.
വൃദ്ധൻ അലറി "ഡാ, മോനെ, അത ിണ്ടുതാടാ", മനസ്സിൽ ദുഃഖമു
ണ്ടെങ്കിലും അയാൾ നിന്നില്ല. വേഗത്തിലോടി. വൃദ്ധൻ കരഞ്ഞു പറഞ്ഞു. "കാലമാടാ, നിയ്യ്
ചത്താലും ഗുണം പിടിക്കില്ല്യാ" അയാൾ ഓടി. ദൂരെ എത്തിയിട്ടും അയാ ളുടെ കാതിൽ ആ
കരച്ചിൽ മുഴങ്ങി.
അയാൾ വീട്ടിലെത്തി ബാഗ് ഭാര്യയ്ക്ക് കൊടു = ത്തു. ഭാര്യ തുറന്നു നോക്കി മുഖം വീർപ്പിച്ച്
പറഞ്ഞു. മഹാർലിക്സ്, ടി.വികാശ്, കുട്ടികൾക്ക് ബ്രഷീം മറ്റും - ഇതൊക്കെ വാങ്ങണ്ടേ?.
കൊണ്ടുവന്നിരിക്കുന്നു പതി = നായിരം ഉലുവ ഹം! അയാൾ ബാഗ് വാങ്ങി, മുറി T യിൽ കയറി
വാതിലടച്ച് കട്ടിലിലിരുന്നു. അപ്പോഴും ആ വൃദ്ധന്റെ കരച്ചിൽ അയാളുടെ കാതിൽ മുഴങ്ങി.
അയാൾ ആ നോട്ടുകെട്ടുകൾ മേലോട്ടെറിഞ്ഞു. നോട്ടു കളങ്ങിനെ പാറിപ്പറന്നു. ആ
നോട്ടുകെട്ടിലെ ഗാന്ധി ത്തല അയാളെ രൂക്ഷമായി നോക്കിയോ ആവോ?

**അർജുൻ കെ പി**

# പറയാൻ മറന്നത്

വിടരും പ്രഭാതത്തിൽ സ്നേഹ-
സ്പർശമായി വന്ന നിന്നെ
നീയറിയാതെ ഞാൻ പ്രണയിച്ചു.
നിന്നെ കണ്ട നിമിഷം മുതൽ എൻ
സ്മൃതിയിലെല്ലാം നീ മാത്രമാണ്.
വിരിഞ്ഞു നിൽക്കുന്ന പൂക്കളിലും
ആകാശത്തെ അനന്തകോടി നക്ഷത്രങ്ങളിലും
നിന്നെ ഞാൻ കാണുന്നു,
എൻ കാതിൽ മുഴങ്ങുന്നത്
സഖീ നിൻ സ്വരം മാത്രം.
എൻ കണ്ണുകളിൽ തെളിയുന്നത്
നിൻ മുഖം മാത്രം.
സർവ്വ ചരാചരങ്ങളും നീയെന്റേ-
താണെന്ന് പറയുന്നു
എൻ ഹൃദയം സ്പന്ദിക്കുന്നത്
സഖീ, നിനക്കുവേണ്ടി.
നീയെൻ ഹൃദയ
കോണിലെവിടെയോ
ഒരു ശ്രുതി പോലെ... ഒരു.... രാഗം
പോലെ.... അലിഞ്ഞലിഞ്ഞ്
ഒന്നാകും പോലെ....

അർജുൻ കെ പി

# മഴക്കൂട്ട്

ഒരു വൈകുന്നേരം തറവാട്ടിലെ നീളമുള്ള വരാന്തയിലിരുന്ന് മഴകാണുന്ന ഏട്ടനും ഞാനും. എന്റെ ആദ്യ മഴക്കാഴ്ച. ചുറ്റും ഇരുട്ട് നിറച്ച് പെയ്തി റങ്ങിയ മഴ.



**കനത്തമഴയിൽ തകർന്നുവീണ് അധ്യാപകാലം മണം. രുന്നു. അമ്മ സ്കൂൾവിട്ട് തിരിച്ചെത്തുംവരെ ഓരോ മിയിലും അതേ വരാന്തയിൽ, ദയനീയമായി ക യെത്തന്നെ തുറിച്ചുനോക്കിക്കൊണ്ട്... കുട്ടികളുമടക്കം

ഇത്തിരിക്കൂടി മുതിർന്നപ്പോഴാവണം അവളെ ന്നെ, നിറങ്ങളണിഞ്ഞ് മോഹിപ്പിക്കാൻ തുടങ്ങിയത്. ചുറ്റും കത്തിപ്പടർന്ന സൗഹൃദങ്ങൾ വാക്കുകളിലും വർണങ്ങളിലും ഒരുമിച്ച് വിരൽ കോർത്തവ. ചുവന്ന് വീർത്ത കണ്ണുകളെ എപ്പോഴും വെള്ളമിറ്റിച്ച് ചിരിപ്പി ക്കാറുള്ള എന്റെ വഴിമരങ്ങൾ.

മുഖം ഒട്ടും നിനയ്ക്കാതെ മഴയോട് ചിരിച്ചു തുടങ്ങിയതും അപ്പോഴാവണം. "അല്ലാ നീയിതാരോടാ ചിരിക്കുന്നത്?" അമ്മയുടെ ചോദ്യം. "മഴയോട്..." അമ്മ ഒന്നും മിണ്ടിയില്ല. പിന്നീടെപ്പോഴോ കോരിച്ചൊരി യുന്ന മഴയിൽ ഞാനോർത്തെടുത്തിട്ടുണ്ട്, ആ വലി യകണ്ണുകളിൽനിന്നും തെന്നി വീഴാറുള്ള കുഞ്ഞു കുഞ്ഞു തുള്ളികളെ.

അന്നൊരു പകൽ എൻ്റെ പ്രിയപ്പെട്ട ടീച്ചർ എന്നോട് പറഞ്ഞു:"നിനക്ക് ഭ്രാന്താണ് കൃഷ്ണാ..." പെയ്തുതോരാൻ കാത്തുനിൽക്കാതെ എന്നെ വിട്ടിട്ടു പോയ ഒരുമഴ! അരികിൽ സുഗന്ധം നിറച്ചുകൊണ്ട് ചേർന്നിരുന്ന മഴയ്ക്കൊപ്പം ഒരു പ്രണയം.

ശരിയാണ്, മഴയ്ക്കുമാത്രമേ കണ്ണുകളിലൂടെ പെയ്തിറങ്ങാൻ കഴിയു. ചുറ്റും ചൂഴ്ന്നു നിന്ന നിഴ ലുകളത്രയും എൻ്റെ വിരലുകളെ തനിച്ചാക്കി നടന്നു നീങ്ങിയപ്പോൾ മഴ നിശ്ശബ്ദമായി പറഞ്ഞു: എനിക്കേ റെയിഷ്ടം നിന്റെ കണ്ണുകളെയാണ്....!

പിന്നെയും നിമിഷങ്ങൾ. വരണ്ട തുരുത്തുക ളിലേക്ക് ഊർന്നിറങ്ങിയ പുതിയ പുതിയ നിമിഷങ്ങൾ. കണ്ടില്ലേ, ഞാൻ കൊടുത്ത പാൽ തിരിഞ്ഞുനോക്കാ തെ, അവനയാളോട് കൊഞ്ചുന്നത്, "വാപ്പച്ചി ഇങ്ങു വന്നേ, ആ അമ്മ വേണ്ട..." എങ്കിലും ഞാനവനെ ഒരുപാട് സ്നേഹിക്കുന്നു. കാരണം എൻ്റെ മഴയുടെ മുഖമാണവന്.

നിസരി കൃഷ്ണ ആർ

# LOSS



In to the thousands
he flows and blends ,
squeezes in a quick
breakfast,
gets into his workshop
to keep the file safely
comfortable,
he is in between the
vehicles and smoke
till the dusk,
he loses himself
slowly
in the bathroom,
he searches for his self
in the mirror.

P A NOUSHAD


# संस्कृतम भाषायाः महत्वम् ।

अस्मिन भारते सर्वभावानां मध्ये संस्कृतभाषायाःप्राधान्यं भवति इत्यत्र न संशयः । कुतःइति चेत
अतिसमुत्कृष्टः भारतीय संस्कारः संस्कृतभाषायां एव प्राचीनैः ऋषिवयैः प्रतिष्ठितो भवनिब्राहमणानिउपनिषदः, सांख्यं, योगन्याय, वैशेषिक, पूर्वमीमांसा उत्तरमीमांसा, आयुर्वेद: इत्यादयः संस्कृतभाषायामेव विरचिताःभवन्ति, एवं पर्यालोच्यमाने संस्कृतं भारतस्थ आत्मा भवति इनि ज्ञातुं शक्यते, यथा आत्मना रहितं शरीरं चिरंतथा संस्कृर्तन रहितं भारतं चिरं न तिष्ठति । अतः
संस्कृतस्य सर्वभाषापेक्षाया प्राधान्यं वर्तते ।



संस्कृतभाषा ' सांस्कृतिक परम्परायाः चिरखोषिका आदर्श संस्काराणां सम्पोषिका च भवति । इयं न केवलं आशय विनिमयोपयोगिनी किन्तु अस्माकं संस्कृतेः प्राणभूता. भवति, पौराणिकळाले अवस्थाः जनाः संस्कृतेन व्यवहारं कुर्वन्ति था । तावृषां शारनमधिकृत्य वयं चिन्तयितुं शक्नुम वा? घरन्तु इदानींतन संस्कृतस्थ अवस्था कीदृशी ? इदानीं तु सर्वे संस्कृतं ' मृतभाषा' ' मृतभाषा' इति उपहसन्ति । परन्तु ' मृतभाषा' इति पदमपि संस्कृतमेव इति तेन जानन्ति, एवं पश्यामः चेत् अस्माकं दैनन्दिनव्यवहारे अपि बहुनि संस्कृतपदानि आगच्छन्ति, अतः संस्कृतं ' मृतभाषा' न सा ' अमृतभाषा' मव ।

उक्तं च दछिना " संस्कृतं नाम दैवीवागन्वारख्याना महर्षिभिः" इति ।इति प्राचीनाना पण्वितानामभिधायः । अत संस्कृतभाषा देवानां भाषा इति तस्था: अपरं नामधेयम् । उत्तरे भारते प्रचलितानां प्राय: सर्वांसां भावानां जननी संस्कृतभाषा एव । दक्षिणात्याः मलयालकन्नडा प्रभृतयो भाषा : अपि संस्कृतभाषायाः सम्पर्कोण नितरां सम्पुटाः । संस्कृतभाषायाः साहित्यसम्पादपि महत्तरा भवति । महाभारत व्या ग्रथितम् । मधिकृत्य " यविगस्ति व्यासमहर्षिणा भाषायामस्थां भवति । च महाभारत- यन्नेहस्ति न तत् क्वचित् इति ।



# അതിർവരമ്പുകൾ

ഏറെ അലഞ്ഞതാണ്
മഴയുടെ കാണാത്ത അതിർവരമ്പ്
തേടി ഞാനിന്നലെ
കനംതൂങ്ങിയ ഓർമയുടെ മാറാപ്പുമേന്തി
പടിപ്പുര കടക്കുമ്പോഴും
ഒപ്പം ഉണ്ടായിരുന്നു മഴ.
തൂശനിലത്തുമ്പിലെ പുത്തൻനെല്ലരിച്ചോറും
എള്ളിന്റേയും രാമച്ചത്തിന്റേയും
മണം പകർന്നിടും വരെ
തോരാതെയതു കരഞ്ഞുകൊണ്ടിരുന്നു
വഴിയരികിലെവിടെയോ വച്ച്
എപ്പോഴെന്നറിയില്ല
നേർത്ത് നേർത്ത് അത്
അലിഞ്ഞു ചേർന്നതാകാം
കണ്ണീരിനൊപ്പം.

ഷിബിൻ എൻ

# മരണമെന്ന തോഴൻ

ശരൺ ആനന്ദ്

പുതുമണ്ണിൻ മാണം പരക്കുന്ന ജൂണിലെ ഒരു രാത്രി. എന്നന്നേക്കുമായി എന്നെ വിട്ടുപിരിഞ്ഞ പലരുടെയും ഓർമയിൽ ഞാനും ഇരുളിന്റെ ആഴക്കടലിൽ വിഴാതിരുന്നില്ല.വിജനമായ ഈ പട്ടണത്തിലൂടെ തെരുവുനായ്ക്കൾ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. നെട്ടൂളാന്റെ  മരണവിളിയും എനിക്കിപ്പോൾ കേൾക്കാം...? എനിക്ക്  ഒരു ബുദ്ദി തോന്നി. ഞാൻ ഇവിടെ നിന്നാലല്ലേ ശാപംഎന്നെ വിഴുങ്ങഹകയുള്ളൂ... ഉടൻ ഡൽഹിയിലേക്ക് പോകാമെന്ന് തോന്നി. കള്ളവണ്ടി കയറുകയും ചെയ്ത്ു .



ഒരു കോട്ടും സ്യൂട്ടും ഒക്കെ ഇട്ട ഒരു മാന്യൻ എന്റെ തൊട്ടടു-ത്ത് ഇരിക്കുന്നു. മുഖം വ്യക്തമല്ല...എകദേശം ഒരു മണിക്കൂർ ആയി കാണും; അയാൽ പെട്ടന്ന് വിഷാദനാവുകയും പെട്ടെന്നനെ ഒരു ഭ്രാന്തനെപ്പോലെ എന്തോക്കെയോ വിളിച്ചു പറയാനും തുടങ്ങി. അപ്പോൾ അയാളുടെ പോക്കറ്റിൽ ഒരു റിവോൾവർ ഞാൻ കണ്ടു. ഞാൻ മെല്ലെ കമ്പാർട്ട്മെന്റ് മാറാനുള്ള തത്രപാടിലായി. അയാൾ അതു മുൻക്രൂട്ടി അറിഞ്ഞപോലെ എന്നെ വന്നു പിടിച്ചു .പൊടുന്നനെ അയാളുടെ കരങ്ങൾ എന്റെ കഴുത്തിൽ നിന്ന് പിടിവിട്ടു.കുതറിയോടിയാലോ എന്ന് ഞാൻ ചിന്തിച്ചു.അപ്പോഴും ആ റിവോൾവർ എന്നെ ഭീതിയിലാക്കി. അക്രമാസക്തമായി എന്തിനും തയ്യാറായി നിൽക്കുന്ന കാട്ടുപോത്തിനെപ്പോലെ അയാൾ നിന്നത് കണ്ടപ്പോൾ എന്നിൽ ഭയാനകമായ ഒരു നിലവിളി ഉണ്ടായി. 10 മിനിറ്റിന് ശേഷം,അയാൾ പഴയ രൂപത്തിലേക്ക് തിരിച്ചെത്തുന്നില്ല......രക്തരക്ഷസിനെപ്പോലെ എന്നിലേക്ക് നോക്കികൊണ്ട് ഇരിക്കുകയാണയാൾ
ഞാൻ കമ്പാർട്മെന്റ് മുഴുവൻ ഒന്ന് നോക്കി.വിജനമായിരിക്കുന്ന കമ്പാർട്മെന്റ് ആളനക്കം ഇല്ല മരണമണി മുഴക്കുന്നത് പോലെ എനിക്ക് തോന്നി പൊടുന്നനെ അയാൾ തന്റെ  റിവോൾവർ എടുക്കുകയും എനിക്ക് നേരെ വെടിയുതിക്കുകയും ചെയ്തു..... മരണം എന്നെപൂര്ണമായും കീഴ്പെടുത്തിയിരിക്കുന്നു

# നേരം

നീളുന്ന വഴിയെ നീങ്ങവേ
നീറുന്ന ഓർമ്മകൾ ഓർക്കാനിടയായി
നാട്ടുവഴികളിൽ നാളയെ കാത്തു
കിടക്കുന്ന കൊച്ചുകിനാക്കളെ
വീണ്ടും കാണുവാൻ ആശയായി
നേരം പുലർന്നേരം തൊട്ടു
നടക്കുന്ന കാലുകൾ മെല്ലെ
. കുഴഞ്ഞു തുടങ്ങുന്നു
നെട്ടോട്ടമോടും നഗരത്തിൻ വഴിയേ
നട്ടം തിരിഞ്ഞൊന്ന് നിന്നുപോയി
പെട്ടെന്നു വന്നൊരു വണ്ടി
തൻ മുമ്പിൽ പകച്ചുങ്ങുനിന്നുപോയി
പ്രാണൻ പിടഞ്ഞുപോയി
മോടിപിടിപ്പിച്ചു കെട്ടിടമൊക്കെയും
ആകാശം തൊട്ടാങ്ങൊരുമിനിൽകുന്നു
ചുറ്റുമേ നിർത്താതെ ഓടുന്ന
കാലുകൾ,കണ്ണുകൾ നിൽക്കാൻ
മറന്നുപോയി നേരം വൈകിയെന്നാലോ
നീളുന്ന വഴിയേ വീണ്ടും നടക്കവേ
നാളെയോർത്തുകൊണ്ട് നെഞ്ചകം
. പിടയ്ക്കുന്നു,പതറുന്നു



സാൻലിയ .എസ്

# പിറന്നാളോർമ്മ



ജന്മദിനത്തിന്നോർമ്മകൾ- മനസ്സിൽ മിന്നിമായവേ, വാതിൽക്കൽ
വന്നെത്തിനോക്കിയെൻ മധുരമാം ഇന്നലെകൾ ഇളംകാറ്റും
കുളിർമഞ്ഞും തൊട്ടു- തലോടുന്നൊരാ കൊച്ചു ഗ്രാമത്തിൻ
കൈകളിൽ വളർന്നു ഞാൻ. പൂവും തുമ്പിയും പൂമ്പാറ്റകളും
ഹർഷാരവം കൊള്ളുന്നൊരാഗ്രാമത്തിൻ ഹസ്തമെന്നെ
തൊട്ടുവിളിച്ചൊരാ- നിമിഷത്തിലുണർന്നു ഞാൻ.
പ്രകൃതിസ്പർശിയായി പിന്നെ, ചങ്ങാതിയായി മറ്റൊരു
വാതിൽക്കലെത്തി- യൊരെൻ ദുഃഖമാമോർമ്മകൾ,
മഞ്ഞുമലർത്തുള്ളിപോൽ തോന്നിയെൻ ആർദ്രമാം
നിമിഷത്തെയോർത്തപ്പോൾ എങ്കിലുമാ, ചുടുകണ്ണീർത്തുള്ളികൾ
വന്നെ ത്തിനോക്കിയെൻ മിഴികളിലൂടെയാ- സുദിനത്തിന്നോർമ്മ
പുതുക്കാൻ. ഓർമ്മകളോടിക്കളിക്കുന്നൊരാ കൺപീലിതൻ
ചുംബനമേൽക്കാനായി പാറി വരുന്നിതായെൻ ജീവിതയാത്രയിൽ
മറ്റൊരു ജന്മദിനം പറവപോൽ. അനവൃന്ദ എസ് എസ്

# प्रकृती...

## महेश्वरी

हे महादेवस्य वरदाने प्रकृती
कति सुन्दरमस्ति तव निर्मिति हः
कुसुमस्य सौन्दर्य कोकिलस्य मधुस्वरम्
जलाशयस्य कल–कूजन–स्वरमपि कति मनोहरम् ....
सर्वोपरि तस्य जलवर्षणम्
वर्षपूरितं मोददायकं हृद्यमानन्द
सुस्मितम् ........
ललित–विस्मयं करणीयं
वरदानम्......
विस्मयं दृश्यते तेन सौन्दर्य........।
निशासमये चन्द्रकिरणस्य प्रकाशे
अहं करनमस्कारं करोमि ।
तारापथस्य शोभामहं अहं शिरसास्मरामि
।
तस्य मधुरवीणानादमहं
मम कर्णे अद्य इव श्रूयते .......।
मन्दमारुतस्य स्पर्श मम हृदयमेकं
अम्बुजस्य दलमिवासीत् ।
तव हृदये स्वपितुमवसरं लब्धमिति
मम पूर्वजन्म पुण्यमेव .... ।
तव हरितालये जन्म लब्धवती
मम मातृदेवस्य पुण्यम् वा करुणा
वा .......?
वाचनं कर्तुं न शक्यसे त्वं .....
कस्य प्रतिरूप भवति इति....
प्रकृती मनोहरी नीलाम्बरी
सर्व अद्भुतं त्वम् एव भवति .....
।
पुनर्जन्मनि तव हृदये जननं
–




लब्धुमेवाहं स्पृहयामि ।
तव पादारविन्दे अहं मम –
करनमस्कारं करोमि
सर्व पराजयति तव सौन्दर्ये
त्वं एव जीवितं ......

# സ്നേഹം

സ്നേഹസുഗന്ധമായ് നിനക്കുമുന്നിലായ്
സ്നേഹാങ്കണം തുറന്നിടുന്നു ഞാൻ
സ്നേഹത്തിൻ താളമറിഞ്ഞിടുമോ ഇന്ന്
സ്നേഹത്തിൻ ഗീതകം പാടീടുവാൻ
അറിയാത്ത സ്നേഹത്തിൻ ആഴമറിയുവാൻ
പലനാളും ഞാനങ്ങകന്നിരുന്നു.
ഒരു തെന്നലെന്നെ തലോടീടുന്നു ഇന്നും
സ്നേഹാർദ്ര ഗീതങ്ങൾ പാടീടുവാൻ
ഇരുളിനഗാധമാമാഴത്തിലെങ്ങോ
ഒരുപാട് സ്നേഹങ്ങൾ പൂത്തിടുന്നു
സ്നേഹം വിടരുന്ന പൂക്കളായ് മാറുവാൻ
കഴിയുമോ നിങ്ങൾക്കീ ജന്മഭൂവിൽ
അറിയാതെ പാടിടാം ഞാനമീ ജന്മത്തിൽ
അളവറ്റ സ്നേഹത്തിൻ ഉടമയല്ലോ.



അനശ്രീ ഇ കെ



# കരിയില

സാൻലിയ. എസ്

മഴ നേർത്തുവരികയാണ്.ഒരലർച്ചയോടെ പെയ്തിറങ്ങിയവൾ ഒരുവിതുമ്പലോടെ അലി ഞ്ഞുചേരുകയാണ് ഇന്നിനി ആരും വരുന്ന ലക്ഷണമല്ലനേരം സന്ധ്യയായികഴിഞ്ഞിരു ന്നു ഇരുണ്ടകാർമേഘലങ്ങൾക്കിടയിലൂടെ വീണുപോയസുര്യൻ കടലിൽ മുങ്ങിത്താഴുന്നു ണ്ടായിരിക്കും.തുരമ്പിച്ചജനൽ പിടികളിൽ നനവുപറ്റിയിരുന്നു.നീരുവറ്റിയ ആകണ്ണുകൾ I ആരെയോടിക്കൊണ്ടിരിക്കുകയാണ്. ഇന്നിനി അവന്ഡ വരില്ല.അവർ മനസ്സിൽപറ ഞ്ഞുശേഷം ഒരു നീണ്ട നിശ്വാസത്തോടെ കിടകികയ്ക്കരികിലേക്ക് നീങ്ങി രണ്ട് വർഷം ത്താളമായി ഇവിടെ എത്തിയിട്ട് രണ്ടു വർഷം കാലം കാറിനേക്കാൾ വേഗത്തിൽ പായു ന്നതായി അവർക്കുതോന്നിആദിയനായി ഇവിടെ വന്ന ദിവസം ഇപ്പോഴും ഓർമ്മയുണ്ട്. മറവികാലത്തിനെ മാത്രമേ മായ്ച്ചുകളയുന്നുള്ളൂ.ഓർമ്മകളെ അത് വിട്ടുപോയി ആദ്യമാ യി ഇവിടെ വന്നിറങ്ങിയതും ഇതുപോലെ ഒരുവൈകുന്നരമായിരുന്നു. അന്നും മഴപെയ് തിരിക്കുന്നു.മഘലങ്ങൾ നിർത്തായെ അലറുന്നുണ്ടായിരുന്നു. മണിക്കൂറുകൾകൾ നീ ണ്ടയാത്രയ്ക്കൊടുവിൽ കാറിൻ്റെ നീണ്ട ഹോണടികൾ കേട്ടപ്പോഴാണ് ഞെട്ടി എഴുന്നേറ്റ ത ഞാനിത്രനേരം ഉറങ്ങുകയായിരുന്നോ അൽപ്പശങ്കയോടെ ഞാൻ സ്വയം ചോദിച്ചു. അൽപ്പം സമയമെടുത്താണ് സ്വബോധത്തിലേക്ക് വന്നത വാഹനം വന്നുനിൽക്കുന്നത് ഒരു നരച്ച ഗേറ്റിനുമുൻപിലാണ് നൻമ ഓൾഡ് ഏജ്ഹോം എന്ന് എഴുതി വെച്ച ബോർഡ് അതിൽ കിടന്ന് തുങ്ങുന്നു. അടുത്തഹോണിനായി തയ്യാറെടുക്കുംമുമ്പെ ഗേ റ്റ് തുറക്കപ്പെട്ടുഒരു കുതിച്ചുചാട്ടത്തോടെ കാർ കെട്ടിടത്തിൻ്റെ മുറ്റത്തേക്ക് പാഞ്ഞുനി ങ്ങി ഡോർതുറന്ന് പുറത്തേക്കിറങ്ങിയ അവൻ എനിക്കരികിൽ വന്ന് ഡോർ തുറന്നുയ ന്നു. ശേഷം ഒരു കുട എനിക്കായി നീട്ടി ആകുടയ്ക്കുതാഴെ ഒതുങ്ങിനിന്നപ്പോൾ എന്തെ ന്നല്ലാത്ത സുരക്ഷിതത്വം എനിക്കനുഭവപ്പെട്ടിരുന്നു ഇന്നമുവനിൽ അതേ ഏകാന്തതന യാടെ നിൽക്കുമ്പോഴും എനിക്കെന്തോ അനാഥത്വം അനുഭവപപടുന്നു സ്വന്തം ആ ത്മാവിലേക്കിറങ്ങി ഞാനത് ചോദിച്ചപ്പോൾ ഹൃദയം പോലും നരബാധിക കപ്പെട്ടതായി കാണപ്പെട്ടു ഇവിടെആദ്യം പരിചയപ്പെട്ടത് മേഡം അപലയെയാണ് യുവത്വത്തിന്റെ പ്രസരി പ്പാൽ കുറേ വൃദ്ധരെ സ്വന്തം തലയിൽ കയറ്റിവെച്ച ഒരുയുവതി താനെടുത്ത തീരുമാന ത്തിൽ സന്തോഷം കണ്ടെത്തിയ ഒരുചെറുപ്പക്കാർ മകൻ്റെ കൈപിടിച്ച് പടികൾ കയറിവ

ന്നപ്പോൾ തെന്നിവഴാൻ പോയതാണ് അവൾ പടിച്ചില്ലായിരുന്നുവെങ്കിൽ വീണുപോകു മായിരുന്നു എന്നെ പുറത്തേ ബെഞ്ചിലിരുത്തിയ ശേഷം ഇരുവരും ഡയരക്ടർ എന്ന പേ രു തൂങ്ങിക്കിടന്ന മുറിക്കകത്തേക്ക് ചെന്നു. അൽപ്പം കഴിഞ്ഞായിരുന്നു പുറത്തു വന്ന ൽ ഇറങ്ങി വന്നയുടനെ അവൻ എൻ്റെ കൈകൾ പടിച്ചു. അവൾ പൊള്ളുന്നുണ്ടായിരുന്നു. എൻ്റെ ചുക്കിച്ചുളിഞ്ഞ കൈകൾ അവൻ്റെ ബലിഷ്ഠമായ കൈകൾക്കുള്ളിൽ അവനെന്നെ ആദ്യമായികാണുന്നതുപോലെയാണ് നോക്കിയത് ഞാനും മസിസ് രേണുക അല്ലേ പുറകെ നിന്നൊരു ചോദ്യം ഒരു ഞെട്ടലോടെ തിരിഞ്ഞു നോക്കിയപ്പോൾ പുറകിൽ ആസ്ത്രീ നിൽക്കുന്നുണ്ടായിരുന്നു അതെ ഞാ ൻ തലയാട്ടി ഐ ആം അപലാമിശ്രപാൽ, മാഡം ഇനി ഇനി കുറച്ചുദിവസം യാമസിക്കുന്നത്. വേണ്ട ഞാൻ പറഞ്ഞു. ക്ഷമിക്കണം മാഡം ക്ഷീണിതയാണെന്നു ഞാന്നുന്നു. സ്ഥലം ചുറ്റിക്കാണാൻ താൽപ്പത്തില്ലെങ്കിൽ ഞാൻ റൂം കാണിച്ചുതരാം ഞാൻ തലയാട്ടിഞാൻ അപ്പോഴും എന്നെ ഉറ്റുനോക്കുന്നുണ്ടായിരുന്നു എന്നെ വേ ർത്തു പടച്ച് ഒന്നുപൊട്ടിക്കരയാൻ അവൻ വെമ്പുന്നതായി എനിക്കുതോന്നി എന്തെന്ന ◌ില്ലാത്ത നിസ്സഹായത അവൻ്റെ കണ്ണുകളെ തളർത്തിക്കളഞ്ഞിരുന്നുഒരു ദീർഘനിശ്ശാസ ത്തോടെ ഞാനവൻ്റെ തോളത്തുകൈ വെച്ചു. അവന്റെ ശരീരം പൊള്ളതാണെന്നെനിക്ക തോന്നി ഞാൻ അവൻ്റെ നെറ്റിയിൽ ഒന്ന് തലോടി നീ പോയ്ക്കോ ഇനിയും വൈകിയാ ൽ നേരിരുട്ടിത്തുടങ്ങും അവർ നിന്നെ കാത്തുനിൽ പായിരിക്കും കൂടെ ഞാനില്ല എന്ന കാണുമ്പോൾ ആശ്വസിച്ചേക്കാം ഞാൻ നാളെ വാൾ വേണമെന്നില്ല നിനക്കുമുമ്പെ ഞാൻ മ്മവച്ചിരുന്നുഎവിടെയായാലും ഞാൻനിൻ്റെ അവകിലാകും അമ്മയക്കുറപ്പാണേണ തിക്കക വന്നുടെ എന്തിനാ ഈ കടുംപിടുത്തം വാക്കുകൾ പൊള്ളയാണെങ്കിൽ അവ യാതൊരാഘായവും ഉണ്ടാക്കില്ലനീചെല്ല ഒരു ശല്യമാവാൻ ഞാനില്ല എവിടെയാണെങ്കിലം എനിക്ക ഞാനാനാൽ മയി അവൻ തളർന്നിരുന്നു. അത് കാണാൻ കഴിയാത്തതിനാ ൽ കണ്ണുകൾ ഒരുസാഗരംകൊണ്ട് മറച്ചുപിടിച്ചുവെച്ചു. മടിച്ചെങ്കിലും കാർ മുന്നോട്ടു നീ ങ്ങുന്നതുകണ്ടപ്പോൾ വല്ലാത്തൊരു വേദന ശരീരമാകെ പടർന്നു.സകലനാഡികളേയും അത് തളർത്തുന്നതായിതോന്നി അതേ വേദന ഇപ്പോഴും അനുഭവപ്പെട്ടു അന്ന് സ്വന്തം ഇഷ്ടപ്രകാരമായിരുന്നുഇവിടെവന്നത്. പുരാവസ്തുക്കളെ മ്യൂസിയത്തിൽ കാത്തുരക്ഷി ക്കുന്നതുപോലെ സ്വന്തം സംരക്ഷണ വലയത്തിൽ കയറിപ്പറ്റിയപ്പോൾ ഒരാശ്വാസമായിരു ന്നു.നിരാലംബരും അവശരുമായ വൃദ്ധർക്കിടയിലുടെ വാർദ്ധക്യത്തെ നയിക്കുമ്പോൾ ഞാൻ തളരുകയാണോവളരുകയാണോ എന്നറിഞ്ഞിരുന്നില്ല ഈയിടേയായി മനസ്സിനെ പിടിമുറുക്കിയ ആശ്രയത്വമില്ലായ്മ വീണ്ടും ആർക്കോവേണ്ടി കാത്തിരിക്കാൻ തുടങ്ങിയി രിക്കുന്നു. എന്നു മനസ്സിനെ തൊട്ടുതലോടിയ തെന്നൽ കൊടുംകാറ്റായി മാറിയതെങ്ങ നമനസ്സസാകെ അസ്വസ്ഥമാകുന്നു. കിടക്കയിലിരുന്ന് വെളിയിലേക്ക് നോക്കിയപ്പോൾ നരം ഇരുട്ടിയിരുന്നു ഇനിയാരും വരികയില്ല ഞാൻ സ്വയം പറഞ്ഞു, മഴ അപ്പോഴേകകും തോർന്നിരുന്നു.

# मुस्कान

Sanliya s



स्वर्ग फुसफुसा रहा है।
दिल से मुस्कुराओं
आत्मा गा रहा है।
प्यार से मुस्कुरा है।
आसमान कहाँ रहा है।
चिंगारी से मुस्कुराओं

दिल को ठीक करो
मन को ठीक करो
आत्मा को ठीक करो
घावों को ठीक करो
इसके लिए बस एक–
मुस्कुराहट को जरूरत है।

कड़वे दुःख को छियाओ
कड़वे दर्द को छियाओ
कड़वे भूत को छियाओ
कड़वे सच को छियाओ
इसके लिए बस एक –
म, स्कुराहट को जरूरत है।

# आरामणोधा

Gouthami

मन्द मन्दं विकसति पुष्पम्
गगनं दृष्ट्वा मन्दहसति ।
कु कु कोकिलः गायति मधुरम्
प्रकृती सुन्दर दृष्यायाम् ।।

प्रवहति नयाँ सुन्दर रागे
ददाति सबै एक सुखम् ।
विविधों वर्णीं चित्रपतंगैः
आगच्छन्ति मम आरामे ।।

सुन्दरसुरभिन्न्ल आराम दृश्यम्
छात्रेयो आकर्षण्यन्ति ।
बहुनि कुसुमं, सुन्दर कुसुमं
विविधैः वर्णः मन्दस्मिते वदाति ॥

मयूर नृत्तं, कोकिल नादम्
ददाति आराम सौन्धर्य ।
शीतलः मास्तो विलसति
आरामस्य शोभां अनुचुंबति ॥

सूर्य किरणं, वर्ष कणिकाँ
परिचालयति आरामस्य हरिमायां ।
प्रकृति शोधा वर्धयतुं
मम आरामस्य सुन्दरत ॥

# സന്നദ്ധസംഘടനാ പ്രവർത്തനങ്ങൾ



# സ്വാതന്ത്ര്യ ദിനാചരണം



















# സ്പോർട്സ്


ഒരായിരം
അഭിനന്ദനങ്ങൾ


ഒരായിരം
അഭിനന്ദനങ്ങൾ


ഒരായിരം
അഭിനന്ദനങ്ങൾ


ഒരായിരം
അഭിനന്ദനങ്ങൾ


കുന്നുമ്മൽ ഉപജില്ല കബഡി സബ്ജൂനിയർ
ബോയ്സ് വിഭാഗം റണ്ണേഴ്സ് അപ്പ് ..
സംസ്കൃതം ഹൈസ്കൂൾ വട്ടോളി
ഒരായിരം
അഭിനന്ദനങ്ങൾ
സംസ്കൃതം ഹൈസ്കൂൾ വട്ടോളി


കുന്നുമ്മൽ ഉപജില്ല ഫുട്ബോൾ സബ്ജൂനിയർ
ആൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായി
സംസ്കൃതം ഹൈസ്കൂൾ വട്ടോളി
അഭിനന്ദനങ്ങൾ
സംസ്കൃതം ഹൈസ്കൂൾ
വട്ടോളി


കുന്നുമ്മൽ ഉപജില്ല ഷട്ടിൽ ബാഡ്മിന്റൺ
ജൂനിയർ ബോയ്സ് റണ്ണേഴ്സ് അപ്പ്
സംസ്കൃതം ഹൈസ്കൂൾ വട്ടോളി
ഒരായിരം അഭിനന്ദനങ്ങൾ
സംസ്കൃതം ഹൈസ്കൂൾ വട്ടോളി


കുന്നുമ്മൽ ഉപജില്ല സുബ്രതോകപ്പ്
ഫുട്ബോൾ ടൂർണ്ണമെന്റ്
ജൂനിയർ വിഭാഗത്തിൽ
റണ്ണേഴ്സ് അപ്പ് നേടിയ
സംസ്കൃതം ഹൈസ്കൂൾ വട്ടോളി


കുന്നുമ്മൽ ഉപജില്ല ഷട്ടിൽ ബാഡ്മിന്റൺ
സബ്ജൂനിയർ ബോയ്സ് ചാമ്പ്യന്മാരായി
സംസ്കൃതം ഹൈസ്കൂൾ വട്ടോളി
ഒരായിരം അഭിനന്ദനങ്ങൾ


കുന്നുമ്മൽ ഉപജില്ല ഷട്ടിൽ ബാഡ്മിന്റൺ
സബ്ജൂനിയർ ഗേൾസ് റണ്ണേഴ്സ് അപ്പ്
സംസ്കൃതം ഹൈസ്കൂൾ വട്ടോളി
ഒരായിരം അഭിനന്ദനങ്ങൾ


കോഴിക്കോട് റവന്യൂ ജില്ലാ ബോൾ
ബാഡ്മിന്റൺ ജൂനിയർ പെൺകുട്ടികളുടെ
വിഭാഗത്തിൽ സെക്കന്റ് റണ്ണേഴ്സപ്പായി
കുന്നുമ്മൽ ഉപജില്ലയിലെ
സംസ്കൃതം ഹൈസ്കൂൾ വട്ടോളി ടീം
ഒരായിരം അഭിനന്ദനങ്ങൾ


തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന
സ്കൂൾ ബോൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിനുള്ള
കോഴിക്കോട് ജില്ല ടീമിൽ സെലക്ഷൻ ലഭിച്ച
സംസ്കൃതം ഹൈസ്കൂൾ വട്ടോളിയിലെ വിദ്യാർത്ഥികൾ
ആശംസകളോടെ
സംസ്കൃതം ഹൈസ്കൂൾ വട്ടോളി

# LITTLE KITES
## 2022 - 2025



# സംസ്കൃതം ഹൈസ്കൂൾ വട്ടോളി

## രാജ്യപുരസ്കാർ – 2023–24
## ജേതാക്കൾ


HANEEN ME


ARUN DEV R


VISHNUNATH DP


SOORYA THEJ P


SREENATH AK


AADHIL KRISHNA SS


MIRSHAL KRISHNA


ASHIN HAREESH PP


BADRINATH K


NIYON NEHITH SR

# അഭിനന്ദനങ്ങൾ


സംസ്കൃതം ഹൈ സ്കൂൾ
വട്ടോളി
14/14
രാജ്യ പുരസ്കാർ
ജേതാക്കൾ
അഭിനന്ദനങ്ങൾ
സ്കൂൾ ഗൈഡ് യൂണിറ്റ്

# ചോല ക്ലബ്ബ്

















# കാർഷിക ക്ലബ്











# മേളകൾ

















